"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് — ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം — തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.20/2026/AYUSH തീയതി,തിരുവനന്തപുരം, 15-03-2026

പരാമർശം:- പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 26/11/2024, 17/02/2025, 16/08/2025, 18/02/2026 തീയതികളിലെ ജി.എച്ച്.എം.സി.റ്റി. /1122/2024-എ2 നമ്പർ കത്തുകൾ.

**ഉത്തരവ്**

നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി പുറത്തിറക്കിയ Minimum Essential Standards for Homoeopathic Colleges and Attached Hospitals Regulations, 2024 പ്രകാരം ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും നിർദ്ദിഷ്ടമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ അധിക അധ്യാപക / അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ പരാമർശത്തിലെ കത്തുകൾ പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി — 2024 റെഗുലേഷൻ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ ചുവടെ പറയും പ്രകാരം 8 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്</u>**

| Sl.No. | Department | Name of the Post | No. of Post to be created | Scale of Pay |
|---|---|---|---|---|
| 1 | Case Taking & Repertory | Assistant Professor | 1 | 57700-182400 |
| 2 | Practice of Medicine | Assistant Professor | 1 | 57700-182400 |
| 3 | Anatomy | Assistant Professor | 1 | 57700-182400 |
| 4 | Physiology and Biochemistry | Assistant Professor | 1 | 57700-182400 |
| | **Total** | | **4** | |

**<u>കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്</u>**

| Sl.No. | Department | Name of the Post | No. of Post to be created | Scale of Pay |
|---|---|---|---|---|
| 1 | Case Taking & Repertory | Assistant Professor | 1 | 57700-182400 |
| 2 | Practice of Medicine | Assistant Professor | 1 | 57700-182400 |
| 3 | Anatomy | Assistant Professor | 1 | 57700-182400 |
| 4 | Physiology and Biochemistry | Assistant Professor | 1 | 57700-182400 |
| | **TOTAL** | | **4** | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
പ്രിൻസിപ്പാൾ, ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്. (14.03.2026-ലെ മന്ത്രിസഭാ തീരുമാനം ഇനം നം )
ധനകാര്യവകുപ്പ് (12/03/2026 ലെ കുറിപ്പ് No:2995196/HLT-B1/194/2024-FIN )
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Pradeep R S
Date: 15-03-2026 15:43:24
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പി.എസ്സ്ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. AYUSH-B2/264/2024- AYUSH. ഇനം നം: 3998

വിഷയം : ആയുഷ് വകുപ്പ് - തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി പുറപ്പെടുവിച്ച Minimum Essential Standards for Homoeopathic Colleges and Attached Hospitals Regulations, 2024 അനുസരിച്ച് ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

3998

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | AYUSH-B2/264/2024-AYUSH |
| 2 | വകുപ്പ് | : | ആയുഷ് (ബി) വകുപ്പ് |
| 3 | വിഷയം | : | തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി പുറപ്പെടുവിച്ച Minimum Essential Standards for Homoeopathic Colleges and Attached Hospitals Regulations, 2024 അനുസരിച്ച് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12-03-2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സീമ എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13-03-2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13-03-2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14-03-2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14-03-2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് /കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി പുറപ്പെടുവിച്ച Minimum Essential Standards for Homoeopathic Colleges and Attached Hospitals Regulations, 2024 അനുസരിച്ച് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി 2024 റെഗുലേഷൻ പ്രകാരം ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളും അനുബന്ധ ആശുപത്രികളും നിർദ്ദിഷ്ടമായ അധ്യാപക-അനധ്യാപക മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ അധിക അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതും നിലവിലുള്ള ചില തസ്തികകൾ പുനർനാമകരണം/ പുനർവിന്യാസം/ അപ്ഗ്രേഡേഷൻ നടത്തേണ്ടതുമുണ്ടെന്ന് കണ്ടെത്തുകയും, ആയതിനായി പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ വിശദമായ ശുപാർശ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

3) നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി 2022-23 അധ്യയന വർഷം മുതൽ നടപ്പിലാക്കിയ CBCS Curriculum മൂലം അധ്യാപക ജീവനക്കാരുടെ ജോലിഭാരം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നും, അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ അധ്യാപകരുടെ ജോലിഭാരം സന്തുലിതമാക്കാനും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട രീതിയിൽ ക്ലാസുകൾ നൽകാനും പഠന-ഗവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കാനും സാധിക്കുമെന്നും പിസിഒ 18/02/2026 ലെ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുകയുണ്ടായി. വിദ്യാഭ്യാസ-ചികിത്സാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി ആവശ്യമായ മനുഷ്യവിഭവശേഷി ഉറപ്പാക്കേണ്ടതുണ്ടെന്ന് പിസിഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) പിസിഒ യുടെ ശുപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തു.

"തിരുവനന്തപുരം, കോഴിക്കോട് ഹോമിയോ കോളേജുകളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം 4 (നാല്) വീതം അദ്ധ്യാപക തസ്തികകൾ (ആകെ 8) സൃഷ്ടിക്കുന്നതിനു ഭരണവകുപ്പിനു അനുമതി നൽകുന്നു.

**<u>തിരുവനന്തപുരം ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്</u>**

| Sl.No. | Department | Name of the Post | No. of Post to be created | Scale of Pay |
|---|---|---|---|---|
| 1 | Case Taking & Repertory | Assistant Professor | 1 | 57700-182400 |
| 2 | Practice of Medicine | Assistant Professor | 1 | 57700-182400 |
| 3 | Anatomy | Assistant Professor | 1 | 57700-182400 |
| 4 | Physiology and Biochemistry | Assistant Professor | 1 | 57700-182400 |

**<u>കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്</u>**

| Sl.No. | Department | Name of the Post | No. of Post to be created | Scale of Pay |
|---|---|---|---|---|
| 1 | Case Taking & Repertory | Assistant Professor | 1 | 57700-182400 |
| 2 | Practice of Medicine | Assistant Professor | 1 | 57700-182400 |
| 3 | Anatomy | Assistant Professor | 1 | 57700-182400 |
| 4 | Physiology and Biochemistry | Assistant Professor | 1 | 57700-182400 |
| | TOTAL | | 4 | |

ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ മുകളിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം 4 (നാല്) വീതം അദ്ധ്യാപക തസ്തികകൾ (ആകെ 8) സൃഷ്ടിക്കുന്നതിനു ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള ഉത്തരവിനായി ഫയൽ ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യ മന്ത്രിക്ക് സമർപ്പിച്ചപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കണമെന്ന് ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി – 2024 റെഗുലേഷൻ പ്രകാരം അനുബന്ധത്തിൽ ചേർത്തിരിക്കും പ്രകാരം 8 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് അംഗീകാരം നൽകാമോ?

## അനുബന്ധം

### തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്

| Sl.No. | Department | Name of the Post | No. of Post to be created | Scale of Pay |
|---|---|---|---|---|
| 1 | Case Taking & Repertory | Assistant Professor | 1 | 57700-182400 |
| 2 | Practice of Medicine | Assistant Professor | 1 | 57700-182400 |
| 3 | Anatomy | Assistant Professor | 1 | 57700-182400 |
| 4 | Physiology and Biochemistry | Assistant Professor | 1 | 57700-182400 |
| | **Total** | | **4** | |

### കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്

| Sl.No. | Department | Name of the Post | No. of Post to be created | Scale of Pay |
|---|---|---|---|---|
| 1 | Case Taking & Repertory | Assistant Professor | 1 | 57700-182400 |
| 2 | Practice of Medicine | Assistant Professor | 1 | 57700-182400 |
| 3 | Anatomy | Assistant Professor | 1 | 57700-182400 |
| 4 | Physiology and Biochemistry | Assistant Professor | 1 | 57700-182400 |
| | **TOTAL** | | **4** | |